ശുദ്ധജല വിതരണ പദ്ധതികൾ

1401 [2121] ശ്രീ. പി. ജെ. തങ്കപ്പൻ :

,, എ. കെ. പത്മനാഭൻ :

,, ടി. കെ. ഹംസ :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ശുദ്ധജലവിതരണ പദ്ധതികളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഏതെല്ലാം രാജ്യങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹായമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതികളുടെ പണി എന്ന് പൂർത്തീകരിക്കും ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 468 ശുദ്ധജലവിതരണ പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും എൽ. ഐ. സി. യുടെയും, ലോകബാങ്കിന്റെയും നെതർലാൻഡ് ഗവൺമെന്റിന്റെയും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നു.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.

ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം

1402 [2122] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രാമങ്ങളിൽ ശുദ്ധജലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) ഓരോ വർഷവും എത്രവീതമെന്ന് വ്യക്തമാക്കുമോ ;

(സി) ജലദൗർലഭ്യ ഗ്രാമങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 606 പ്രശ്ന ഗ്രാമങ്ങളിൽ ഭാഗികമായി ശുദ്ധജലം എത്തിച്ചിട്ടുണ്ട്. കൂടാതെ ഭാഗികമായി ശുദ്ധജല വിതരണം നടപ്പിലാക്കിയ 100 പ്രശ്ന ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. 557 എണ്ണത്തിൽ മനരത്തെ ശുദ്ധജലവിതരണം നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	വർഷം	ഭാഗികമായി ശുദ്ധജല വിതരണം നടപ്പിലാക്കിയത്	കൂടുതൽ പ്രദേശങ്ങളിലേക്ക് ശുദ്ധജലം എത്തിച്ചത്
(ബി)	1982-83	113	..
	1983-84	270	..
	1984-85	208	..
	1985-86	15	100
		606	
(സി)	തിരുവനന്തപുരം ജില്ല	88	
	കൊല്ലം ,,	97	
	ആലപ്പുഴ ,,	93	
	കോട്ടയം ,,	72	
	ഇടുക്കി ,,	41	
	എറണാകുളം ,,	82	
	തൃശ്ശൂർ ,,	213	
	പാലക്കാട് ,,	111	
	മലപ്പുറം ,,	118	
	കോഴിക്കോട് ,,	103	
	കണ്ണൂർ ,,	146	
	ആകെ	1164	

(ഇവയിൽ 6 എണ്ണത്തിൽ പൂർണ്ണമായും ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടുണ്ട്. 115-ൽ ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഒരെണ്ണത്തിന് ഇപ്പോഴും സ്കീമില്ല.)

കുംബളങ്ങി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന പമ്പിംഗ് സ്റ്റേഷൻ

1403 [2123] ശ്രീ.ടി.പി.പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുംബളങ്ങി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി കണ്ടക്കടവിൽ സ്ഥാപിക്കുന്ന പമ്പിംഗ് സ്റ്റേഷനു സ്ഥലം പൊന്നും വിലയ്ക്ക് ഏടുക്കാനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം വിലയ്ക്കെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly